"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - ശ്രീമതി പൊന്നി.കെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM)-653/2022 - നമ്പർ കേസിലെ അന്തിമ ഉത്തരവ് നടപ്പിലാക്കി- ഉത്തരവാകുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.203/2023/F&WLD തിരുവനന്തപുരം, തീയതി, 24-05-2023.

പരാമർശം:-

1. 08.08.2012 - ലെ സ.ഉ(കൈ)നം.216/2012/തസ്വഭവ.
2. 03.06.2013 - ലെ സ.ഉ(കൈ)നം.59/2013/വനം.
3. 19.02.2021- ലെ സ.ഉ(കൈ)നം.56/2021/ത.സ്വ.ഭ.വ.
4. 24.08.2021- ലെ സ.ഉ(കൈ)നം.15/2021/വനം.
5. OA (EKM)-653/2022 - കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 31.05.2022- തീയതിയിലെ അന്തിമ ഉത്തരവ്.
6. 18.07.2022 - ലെ എഫ്1/149/2022 - വനം നമ്പർ അനൗദ്യോഗിക കുറിപ്പ്.
7. OP (KAT)25/2023- ലെ ബഹു.കേരള ഹൈക്കോടതിയുടെ 01.02.2023- ലെ വിധിന്യായം.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വന്നിരുന്ന അട്ടപ്പാടി ഹിൽസ് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി [AHADS] നിർത്തലാക്കപ്പെട്ടതിനെ തുടർന്ന് അഹാഡ്സിലെ ആദിവാസി ജീവനക്കാരെ പാലക്കാട് ജില്ലയിലെ ഹോം ഗാർഡ്, ഫോറസ്റ്റ് ഗാർഡ് എന്നീ വിഭാഗങ്ങളിലേക്കുള്ള ഒഴിവുകളിൽ പരമാവധി നിയമിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകി കൊണ്ട് പരാമർശം 1 ഉത്തരവ് തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിരുന്നു. ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവരുടെ നിയമനത്തിനായി സർക്കാർ സൃഷ്ടിച്ച 700 ഫോറസ്റ്റ് റിസർവ്വ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) തസ്തികകളിൽ, പാലക്കാട് ജില്ലയ്ക്കായി നീക്കി വെച്ചിരുന്ന 120 തസ്തികകളിൽ അഹാഡ്സിന്റെ പ്രവർത്തനം അവസാനിപ്പിച്ചത് മൂലം തൊഴിൽ നഷ്ടപ്പെട്ടതും, തദ്ദേശസ്വയംഭരണ വകുപ്പ് യോഗ്യത സാക്ഷ്യപ്പെടുത്തി നൽകിയതുമായ 91 ജീവനക്കാർക്ക് റിക്രൂട്ട്മെന്റ് നടപടികളിൽ ഇളവ് നൽകി കൊണ്ട് പരാമർശം 2 പ്രകാരം വനം വകുപ്പ് നിയമനം നൽകുകയുണ്ടായി.

2. അഹാഡ്സിൽ ജോലി ചെയ്തിരുന്ന ശ്രീമതി.പാപ്പാത്തി മുതൽ പേർ സർക്കാർ സർവ്വീസിൽ ജോലി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത MA 1052/2020 in OA(EKM) 965/2020 നമ്പർ കേസിലെ, ബഹു.ട്രിബ്യൂണലിന്റെ 18.08.2020-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരെ അവരുടെ യോഗ്യതയ്ക്കനുസരിച്ച് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്നതിന് പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു. തുടർന്ന്, ടി

ഉത്തരവിൽ ഉൾപ്പെട്ട 32 പേരിൽ, 18 പേർക്ക് വനം വകുപ്പിൽ നിയമനം നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. ടി വകുപ്പിൽ നിന്നും ലഭ്യമാക്കിയ പട്ടികയിൽ ഉൾപ്പെട്ട 18 ജീവനക്കാരെ വനംവകുപ്പിൽ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പരാമർശം 4 പ്രകാരം നിയമനം നൽകുകയുണ്ടായി.

3. സമാനമായി നിയമനം ലഭിക്കുന്നതിന് വേണ്ടി ശ്രീമതി പൊന്നി.കെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA (EKM)-653/2022 ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഒറിജിനൽ ആപ്ലിക്കേഷൻ പരിഗണിച്ച ബഹു.ട്രിബ്യൂണൽ, ഹർജ്ജിക്കാരിയുടെ അഹാഡ്സിലെ നിയമനം സംബന്ധിച്ച് രണ്ടാം എതിർകക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും റിപ്പോർട്ട് വാങ്ങി ആയതിന്റെ സത്യാവസ്ഥ പരിശോധിച്ച് ബോധ്യമായാൽ ടിയാളെ സർവീസിലേക്ക് ആഗിരണം ചെയ്യുന്നതിനായി തസ്തിക അനുവദിക്കുകയോ സൃഷ്ടിക്കുകയോ ചെയ്യണമെന്ന് ഒന്നാം എതിർകക്ഷിയായ വനം വകുപ്പിന് നിർദ്ദേശം നൽകി പരാമർശം 5 അന്തിമ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

4. ബഹു.ട്രിബ്യൂണലിന്റെ പരാമർശം 5 ഉത്തരവിനെതിരെ, ബഹു.കേരള ഹൈക്കോടതി മുൻപാകെ, OP (KAT)25/2023 ഫയൽ ചെയ്തിരുന്നു. OP (KAT)25/2023 പരിഗണിച്ച ബഹു.ഹൈക്കോടതി, OP(KAT)285/2019-ലെ ബഹു.ഹൈക്കോടതിയുടെ തന്നെ 01.08.2019-ലെ വിധിന്യായത്തിന് അടിസ്ഥാനമായി OA (EKM)-653/2022 -മ്മേലുള്ള ബഹു.ട്രിബ്യൂണലിന്റെ അന്തിമ ഉത്തരവ് ഭേദഗതി ചെയ്തു കൊണ്ട് പരമാർശം 7 പ്രകാരം വിധി പുറപ്പെടുവിക്കുകയുണ്ടായി. OA (EKM)38/2019-മ്മേലുള്ള 30.01.2019 - ലെ ബഹു.ട്രിബ്യൂണലിന്റെ ഉത്തരവിന് എതിരെ ആണ് OP(KAT)285/2019-ഫയൽ ചെയ്യപ്പെട്ടത്. വനം വകുപ്പിൽ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട കൊണ്ട് അഹാഡ്സിൽ ജോലി ചെയ്യുന്ന ശ്രീമതി.പാപ്പാത്തി മുതൽ പേർ ചേർന്നാണ് OA (EKM)38/2019-ഫയൽ ചെയ്തത്. ഹർജ്ജിക്കാരുടെ യോഗ്യത പരിശോധിച്ച് ബോധ്യപ്പെട്ടതിന് ശേഷം ആവശ്യമായ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിന് ടി കേസിൽ ബഹു.ട്രിബ്യൂണൽ ഉത്തരവായിരുന്നു. OP(KAT)285/2019-അപ്പീൽ പെറ്റീഷൻ പരിഗണിച്ച ബഹു.ഹൈക്കോടതി, തസ്തിക സൃഷ്ടിക്കുന്നതിന് ബഹു.ട്രിബ്യൂണലിനു നിർദ്ദേശിക്കാൻ കഴിയില്ലെന്നും അത് സർക്കാരിന്റെ നയപരമായ തീരുമാനത്തിൽ പെടുന്നതാണെന്നും, ഹർജ്ജിക്കാരുടെ യോഗ്യത സംബന്ധിച്ച റിപ്പോർട്ട് വാങ്ങി പരിശോധിച്ച് ആയതിന്റെ സത്യാവസ്ഥ ബോധ്യപ്പെടുന്ന പക്ഷം ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും 01.08.2019-ലെ വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

5. പരാമർശം 1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ശിപാർശ ചെയ്തതും, നിർദ്ദേശിച്ചതുമായ പരമാവധി പേർക്ക് വാച്ചർ തസ്തികയിൽ വനം വകുപ്പ് ഇതിനോടകം നിയമനം നൽകി കഴിഞ്ഞു. അഹാഡ്സിലെ ജീവനക്കാരെ തുടർന്നും വനം വകുപ്പിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള എതിർപ്പ് പരാമർശം 6 പ്രകാരം തദേശസ്വയംഭരണ വകുപ്പിനെ അറിയിച്ചിട്ടുള്ളതാണ്. രണ്ടാം എതിർകക്ഷിയായ തദേശസ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിൽ ആയിരുന്നു അഹാഡ്സ് എന്നതിനാൽ അഹാഡ്സിലെ ജീവനക്കാർക്ക് പുനർനിയമനം നൽകുന്ന വിഷയം ടി വകുപ്പിൽ നിക്ഷിപ്തമായതാണ്. പരാമർശം 1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇതിലേക്ക് ആവശ്യമായ നയപരമായ തീരുമാനങ്ങളും ടി വകുപ്പിൽ തന്നെ കൈക്കൊള്ളേണ്ടവയാണ്. ബഹു.സുപ്രീംകോടതിയുടെ ഉമാദേവി കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നിയമപരമല്ലാത്തതിനാൽ, താത്ക്കാലിക അടിസ്ഥാനത്തിൽ വനം വകുപ്പിൽ ജോലി ചെയ്തിരുന്നവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള ശിപാർശ നിരസിച്ചിട്ടുണ്ട്.

6. പ്രസ്തുത സാഹചര്യത്തിൽ, വനം വകുപ്പിൽ നിയമനം നൽകണമെന്ന ശ്രീമതി പൊന്നി.കെ- യുടെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ പൂർണമായ നിയന്ത്രണത്തിൽ ആയിരുന്ന അഹാഡ്സ് എന്നതിനാൽ പരാമർശം 1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറ്റ് വകുപ്പുകളിൽ ഏതെങ്കിലും ആഗിരണം ചെയ്യപ്പെടുന്നത് പരിശോധിക്കുന്നതിലേക്കായി ശ്രീമതി പൊന്നി.കെ-യ്ക്ക്, രണ്ടാം എതിർകക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പിനെ സമീപിക്കാവുന്നതാണ്. OA (EKM)-653/2022 - കേസിന്മേലുള്ള ബഹ.ട്രിബ്യൂണലിന്റെ പരാമർശം 5 ഉത്തരവിന്റെയും, OP (KAT)25/2023 - ന്മേലുള്ള ബഹ. കേരള ഹൈക്കോടതിയുടെ പരാമർശം 7 വിധിന്യായത്തിന്റെയും അടിസ്ഥാനത്തിൽ, ഇതിലേക്ക് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പരിശോധിച്ച്, ശ്രീമതി പൊന്നി.കെ യുടെ അപേക്ഷയിന്മേൽ ഉചിതമായ തീരുമാനം തദ്ദേശ സ്വയം ഭരണ വകുപ്പ് കൈക്കൊള്ളേണ്ടതാണ്.

7. OA (EKM)-653/2022 - കേസിലെ ബഹ.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 5 ഉത്തരവ് ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷാജൻ.എ

അഡിഷണൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഭരണം),
തിരുവനന്തപുരം.
ശ്രീമതി. പൊന്നി.കെ, w/o രംഗൻ, താഴെഅബ്ബണ്ണൂർ, താവളം പി.ഒ, അട്ടപ്പാടി താലൂക്ക്,
പാലക്കാട്, 678 582
അഡ്വക്കേറ്റ് ജനറൽ, എറണാകുളം [ആമുഖ കത്ത് സഹിതം]
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ഓഡിറ്റ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ്, സെക്രട്ടേറിയറ്റ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Noushad S
Date: 25-05-2023 14:50:50